# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 936**

**28.04.2017-ന് മറുപടിയ്ക്ക്**

## സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 15 സ്കൂളുകളിൽ ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കും പൂർത്തീകരണത്തിനുമായി വിദ്യാഭ്യാസ വകുപ്പ് (എം) സെക്ഷൻ, ഡി.പി.ഐ, ഡി.ഡി. ആലപ്പുഴ എന്നിവർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ;<br><br>(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) 2017 മാർച്ചിൽ ബഹു.എം.എൽ.എ. ആർ.രാജേഷ് മുഖേന സിഡ്കോ മാർക്കറ്റിഗ് സെന്ററിന്റെ 15 സ്കൂളുകളുടെ എസ്റ്റിമേറ്റ് സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ ലഭിച്ചു. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിൽ എല്ലാം ഹയർ സെക്കന്ററി വിഭാഗമായിട്ടാണ് കാണുന്നത്. ഹൈസ്കൂൾ വിഭാഗം വരെയുള്ള സ്കൂളുകളോടനുബന്ധിച്ച പ്രൊപ്പോസലുകളാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധികാര പരിധിയിൽപ്പെടുന്നത്. ആയതിനാൽ ലഭിച്ച പ്രൊപ്പോസൽ ഹൈസ്കൂൾ വിഭാഗത്തിലാണോ ഹയർ സെക്കന്ററി വിഭാഗത്തിലാണോ എന്ന് വ്യക്തത വരുത്തേണ്ടതിനാൽ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറുടെ വിശദവും വ്യക്തവുമായ റിപ്പോർട്ടിനായി 2017 മാർച്ചിൽതന്നെ അയച്ചുകൊടുത്തു.<br><br>ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും വ്യക്തമായ റിപ്പോർട്ട് ലഭിച്ചാലുടൻ തന്നെ അടിയന്തിര മേൽ നടപടികൾ ഡി.പി.ഐ. സ്വീകരിക്കുന്നതാണ്. വ്യക്തമായ ശിപാർശ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ (എം) വകുപ്പിൽ നിന്നും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ